**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4228** **06-03-2023 - ൽ മറുപടിയ്ക്ക്**

**ഐസൊലേഷൻ വാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2021-22 വർഷത്തെ എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഉപയോഗിച്ച് നാല് കോടി രൂപ വിനയോഗിച്ച ഓരോ നിയോജക മണ്ഡലത്തിലും നിർമ്മിക്കാൻ തീരുമാനിച്ച ഐസൊലേഷൻ വാർഡന്റെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തിൽ എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും കോവിഡ് പ്രതിരോധ പ്രവൃത്തികൾക്കായി നീക്കിവെച്ച നാല് കോടി രൂപയിൽ ഐസൊലേഷൻ വാർഡ് നിർമാണത്തിനായി നീക്കിവെച്ച തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 2021-22 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതനുസരിച്ച് 26.07.2021 ലെ GO(Rt) -1555/2021/H&FWD ഉത്തരവ് പ്രകാരം കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിൽ 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ 50% എം. എൽ. എ. ആസ്തി വികസന ഫണ്ടും 50% കിഫ്ബി ഫണ്ടും ഉപയോഗിച്ച് സ്ഥാപിക്കുന്നതിനായി 250.69 കോടി രൂപയുടെ ഭരണാനുമതി സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇതു പ്രകാരം പ്രസ്തുത പദ്ധതിയ്ക്കായി ആകെ 236.30 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ ആവശ്യമായ സ്ഥലം ലഭിച്ച 90 സ്ഥലങ്ങളിൽ ടി വാർഡ് നിർമ്മിക്കുന്നതിനായി അനുമതി ലഭ്യമായിട്ടുണ്ട് എന്ന് നിർദ്ദിഷ്ട എസ്. പി. വി. ആയ കെ. എം. എസ്. സി. എൽ. അറിയിച്ചിട്ടുണ്ട്. അതിൽ സൈറ്റ് പൂർത്തിയായ 88 ലൊക്കേഷനുകളിൽ LOA നിർമ്മാണ ഏജൻസി ആയ M/s തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റിയ്ക്ക് കൊടുത്തിട്ടുണ്ട്. നാളിതുവരെ 10 ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.<br><br>കെ. എം. എസ്. സി. എൽ. ലഭ്യമാക്കിയിട്ടുള്ള ഉദ്ഘാടനം കഴിഞ്ഞ ഐസൊലേഷൻ വാർഡുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ഏത് | (ബി) | പയ്യന്നൂർ നിയോജകമണ്ഡലത്തിലെ CHC |

| | | | |
|---|---|---|---|
| | ആശുപത്രിയെയാണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് തെരഞ്ഞെടുത്തതെന്നും അതിന്റെ നിർവഹണ ചുമതല ആർക്കാണെന്നും അറിയിക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | | Karivellur ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തിരുന്നു. പ്രസ്തുത ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് ആവശ്യമായ സ്ഥല ലഭ്യതയടക്കമുള്ള വിഷയങ്ങൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഉത്ഘാടനം കഴിഞ്ഞ ഐസൊലേഷൻ വാർഡുകൾ

| SL NO | ജില്ല | നിയോജകമണ്ഡലം | ആരോഗ്യകേന്ദ്രം |
|---|---|---|---|
| 1 | തിരുവനന്തപുരം | കോവളം | സിഎച്ച്സി പൂവാർ |
| 2 | കൊല്ലം | ചാത്തന്നൂർ | സിഎച്ച്സി നെടുങ്ങോലം |
| 3 | കൊല്ലം | കുണ്ടറ | സിഎച്ച്സി നെടുമ്പന |
| 4 | കൊല്ലം | ചവറ | ടിഎച്ച് തെക്കുംഭാഗം |
| 5 | കൊല്ലം | വടക്കാഞ്ചേരി | ഡിഎച്ച് വടക്കാഞ്ചേരി |
| 6 | തൃശൂർ | കുന്നംകുളം | സിഎച്ച്സി പഴഞ്ഞി |
| 7 | തൃശൂർ | ചേലക്കര | സിഎച്ച്സി പഴയന്നൂർ |
| 8 | മലപ്പുറം | തിരൂർ | സിഎച്ച്സി വളവന്നൂർ |
| 9 | കോഴിക്കോട് | കോഴിക്കോട് സൗത്ത് | മെൻറ്റൽ ഹോസ്പിറ്റൽ കോഴിക്കോട് |
| 10 | കോഴിക്കോട് | കോഴിക്കോട് നോർത്ത് | ഗവ ഡെർമറ്റോളജി |